# THIRUVANGOOR HIGHER SECONDARY SCHOOL



# SCHOOL MAGAZIN

(2023-24)

# Revista


Revista

# EDITORIAL BOARD

STAFF EDITORS : MAHESH KUMAR
SUNITHA T

STUDENT EDITOR : PRANAV DEV K

## MEMBERS

YADHUNANDAN A R

ARJUN RAJ V

AIJIN R R

DAYONA

LAMHA KADEEJA

NIVEDH KRISHNA B S

MUHAMMAD FADIL

AYSHA HAMRA

ANUMITRA PRADEEP

POOJA DAS

# ആശംസ



കുട്ടികളുടെ സർഗ്ഗവാസനകൾ
പ്രോത്സാഹിപ്പിക്കുക എന്ന
ലക്ഷ്യത്തോടുകൂടി തിരുവങ്ങൂർ സ്കൂൾ
നടപ്പിലാക്കിയ മാഗസിനാണ് റവി
സ്റ്റ....കുട്ടികളുടെ കഥകളും കവിതകളും
അടങ്ങിയ മാഗസിനിലെ ഉള്ളടക്കം
ഡിജിറ്റലൈസ് ചെയ്തു ലിറ്റിൽ
കൈറ്റ്സ് ക്ലബ്ബിലെ അംഗങ്ങൾക്ക്
സ്കൂളിന്റെ പേരിൽ അഭിനന്ദനങ്ങൾ
അറിയിക്കുന്നു.അതോടൊപ്പം
പരിശീലകരായ അധ്യാപകർക്കും
ആശംസകൾ നേരുന്നു

പ്രധാന അധ്യാപിക
വിജിത കെ

ക

# ആശംസ




ഞങ്ങൾക്കിടയിലെ കൊച്ചു
പ്രതിഭകളെ
കണ്ടെത്താനും
പ്രോത്സാഹിപ്പിക്കാനുമുള്ള ഒരു
എളിയ ശ്രമമാണിത്... ഇതിൽ
നന്മയുടെയും സ്നേഹത്തിന്റെയും
മനോഹരസ്പർശമുണ്ട്. ഭാവനയുടെ
വസന്തവും ഭാഷയുടെ ലാളിത്യവുമുണ്ട്..
കൂട്ട് ചേരലുകൾക്ക് മനസുകൊണ്ട്
സംവദിക്കാനൊരിടം .. കൂടെ
ഉണ്ടാവുമല്ലോ

സ്റ്റുഡന്റ് എഡിറ്റർ
പ്രണവ് ദേവ് കെ.

# INDEX


സ്വന്തം ....................................8
കാത്തിരിപ്പ് ....................................9
True love ....................................10
വേദന ....................................11
Life is a journey ....................................12
I still remain ....................................13
Kite ....................................14
മഴ ....................................15
ഒരാൾ ....................................16
തനിയാവർത്തനം ....................................18
മുത്തശ്ശിയുടെ വിളക്ക് ....................................21
വൃദ്ധസദനത്തിന്റെ വരാന്തയിൽ........................23
Bogoshipda ....................................27
പ്രകൃതിയും ജീവനും ....................................28
എൻ ഭൂമിയെ ....................................31
പാലത്തിന്റെ ബലം ....................................33
Sweet Dream ....................................36
Cat ....................................37
സഞ്ചാരിയുടെ ബുദ്ധി ....................................38
തിരിച്ചറിവ് ....................................40
Rain ....................................43
Bad company ....................................44

Loneliness ..................................46
Beautiful dream ..................................48
CV Raman ..................................49
വായനാമന്ത്രം ..................................50
SundayxFunday ..................................55
River ..................................56
My most favourable
football player ..................................58
Nature ..................................59
Wings of fires ..................................60
Rabindra nath Tagore ..................................63
Famous saying of eminent
personalities ..................................67
India is on the moon ..................................68
Mothers who kick their babies..........................69
My dear father ..................................72
The beauty unseen ..................................74
അമ്മ ..................................76
കൊഴിഞ്ഞു പോയ ബാല്യം ..................................80
കളിമുറ്റം ..................................83
പുറംമോടി ..................................85

********************************

# സ്വന്തം

സ്വന്തമെന്ന് ഞാൻ കരുതിയതെല്ലാം
ഇന്നെനിക്കന്യമായി തീർന്നു.
കാലം തിരിയുന്ന വേളയിൽ
കാണുന്നതെല്ലാം
എന്റെതാണെന്ന് ഞാനാശിച്ചു.
ബാല്യത്തിൽ കിട്ടിയ
കളിക്കോപ്പുകളെല്ലാം യൗവനത്തിലെ
കിനാക്കളെല്ലാം
എൻ്റെ സ്വന്തമെന്നു നിനച്ചു ഞാൻ.
ഒറ്റപ്പെട്ടുമീ വഴിത്താരയിൽ
കൊണ്ടുവന്നില്ല ഒന്നുമേ
കൊണ്ടു പോകുന്നതുമില്ല ഒന്നുമേ
വൈകിയ വേളയിൽ ഞാനറിയുന്നു
എനിക്കു സ്വന്തം ഞാൻ മാത്രം......

(ലിയാന)

# കാത്തിരിപ്പ്

ജീവിത താഴ്വരയിൽ
നിലാവിന്റെ മഞ്ജിമയിൽ
കണ്ണിമവെട്ടാതെ
നോക്കിനിന്നു എൻ കണ്ണിൽ നിന്നെ
വീശുന്ന കാറ്റിലെന്തൊ
മാഞ്ഞുപോയ്
അനന്തമായ്
അതെന്തോ എന്നുള്ളിലെ നീയോ
ജീവിതം പൊലിയുന്ന ചില വഴിയിൽ
എന്തിനോ കാത്തിരുന്നു മടുത്തപോൽ
ശാപമാം ജൻമ്മമെന്നും......

( നിയ ദിനേശ് )

# TRUE LOVE

I like you more than everything
maybe its the way you see my name
maybe its the way you play your game
But its so good , ive never
Dreamed of nobody like you
And I never want to leave
you in my Entire life
because there is "True love love love.....
True love love love... ohh....
youre the cure, youre the pain,
youre the only thing I wanna touch
Never knew that it could mean
So much
So much... because there is love love.......
True love love love.... oh....

(Sidhida)

# വേദന

ഒരിക്കൽ എന്റേത് മാത്രമായിരുന്നു.അന്ന് ഞങ്ങൾ പ്രണയിച്ചു. ഒരുപാട് .ആർക്കും തടയാൻ പറ്റാത്ത വിധം.കൂടുതൽ പ്രണയിച്ചത് കൊണ്ടാകാം ഇന്ന് പരസ്പരം അറിയാത്തവരായി നാം മാറി. ഒരിക്കലും പിരിയില്ല എന്ന് കരുതി. പക്ഷേ നമുക്ക് തുണച്ച വിധി അതായിരുന്നില്ല. പുറമേ അറിയാത്തവരെ പോലെ അഭിനയിക്കുകയാണെങ്കിലും ഉള്ളിൽ വിങ്ങിപ്പൊട്ടുകയാണ്. കരയാത്ത രാത്രികളില്ല. എന്നാലും പുറമേ ചിരിച്ചോണ്ട് നടക്കും. ഇപ്പോ ഇതെല്ലാം ആലോചിക്കുമ്പോൾ ഇതൊന്നും വേണ്ടായിരുന്നു എന്നൊരു തോന്നൽ.പക്ഷെ നടന്നതൊന്നും മായിച്ചു കളയാൻ പറ്റില്ലല്ലോ......!!!

(ആയിശ ഹൈറ)

# LIFE IS A JOURNEY

Life is a journey
That turns to be curly
Each step is a test
to do your best

Life is just like a puzzle
that will make you feel
troubled
It is like a flower
that blooms every hour

You never know what is
next
Just try to give your best
It can be stressful
So always try to be
cheerful

(Shayan Mohammed)


# I Still Remain...

Carrying a heart
with arrows and strikes
Having a desire forever
For something that lasts not for long
I miss certain times of life
Something not mend for me
Something that bend our smiles,
For the eyes are blind
to the words spoken
Always a book to write
but torn and thrown after
I still remained
For over and over
For infinite times.

(Nachrora Ashraf)

**************

# KITE



I often sit and
wish
That I could be a
Kite up in the sky
And ride upon
the
Breeze and go
whichever way I
Chanced to
blow

(AYSHA SANA)

# മഴ...

മഴ പെയ്തതെന്റെ മനസ്സിൽ
ഓർമകൾ ശരം കണക്കെ പായുന്നു
ചേമ്പില ചൂടിപോയ ബാല്യകാലം
ചെരുപ്പിടാതെ തുള്ളികളിച്ച മുറ്റം
മഴ തോരുമ്പോൾ വരുന്നൊരു സങ്കടം...
തുള്ളിക്കൊരു കുടം കണക്കെ
ആർത്തുപെയ്തൊരാ മഴയിൽ
നിറഞ്ഞു തുള്ളിയ ബാല്യം
വടിയുടെ അറ്റം കാണുമ്പോൾ
ഓടിക്കേറും ഉമ്മറത്തേക്ക്
മനം കുളിരും മഴയിൽ
മുഹബത്താലെ ഞാനും...

(Diya fathima )

# ഒരാൾ

ഏതോ ഒരാൾ
അയാൾക്ക് വേണ്ടി ഇന്നുമെൻ
ഹൃദയം തുടിക്കുന്നു.
ആരെന്നറിയില്ല എന്തിനെന്നറിയില്ല
എൻ ഹൃദയം നിർത്താതെ
തുടിക്കുന്നു.
സ്വപ്നങ്ങളിൽ വരും അയാൾ
കണ്ണ് തുറക്കുമ്പോഴേക്കും
മാഞ്ഞുപോവും സ്വന്തമാക്കാൻ
കഴിയുമോ എന്നറിയാതെ അയാൾക്ക്
വേണ്ടി എൻ മിഴികൾ
നിറഞ്ഞൊഴുകി
ഇതെന്തിനെന്ന് ഞാൻ എന്നോട്
തന്നെ ചോദിച്ചു.
അറിയില്ല ഇതുവരെ ആ മുഖം

കണ്ടതുമില്ല
പക്ഷേ എൻ വിശപ്പും ദാഹവും
അയാളിലായിരുന്നു
അയാളാരെന്നറിഞ്ഞു കൂടെങ്കിലും
പതിയെ ഞാൻ അയാളിൽ
അലിഞ്ഞു ചേർന്നു
ആൾക്കൂട്ടത്തിനിടയിലും
ആ ഒരാളെയാണ് എൻ മിഴികൾ
തിരയുന്നത്.
പക്ഷേ അതാരാണെന്ന് ഇന്നും
ഞാൻ കണ്ടെത്തിയിട്ടില്ല......!!!
(ആയിശ ഹൈറ)

********************************

# തനിയാവർത്തനം

ചുട്ടുപൊള്ളുന്ന വേനലിൽ ചുമടുകൾ
പേറി
ചോരനീരാക്കുന്ന വർക്കിട്ട പേരാ
പരുക്കൻ...!

കനമുള്ളകല്ലുകൾ കയ്യിലേന്തി
കെട്ടുകൾ
തീർക്കുന്നൊരച്ഛൻ്റെ
പേരോ പിശുക്കൻ..!

വെളുക്കുമ്പോളോടി
അന്തിക്കെത്തും വേളയിൽ
അച്ഛൻ്റെ
കയ്യിലെ പലഹാരപ്പൊതി തുറന്നു
തിന്നുമ്പോഴും പറയും
സ്നേഹമില്ലാത്തൊരച്ചൻ ....!

പഠിത്തം കഴിഞ്ഞു
വന്ന മകനെ വന്നൊന്നറ നെയ്യു
വാൻ വെമ്പുന്നരച്ചനെ

നോക്കി പറയും
വൃത്തിയില്ലാതൊരച്ഛൻ....!
കാലങ്ങളേറെ കഴിഞ്ഞു
കുഞ്ഞുങ്ങളായി കഴിഞ്ഞപ്പോളച്ഛൻ്റെ
വില മനസിലാക്കിയൊരച്ഛൻ.

(ഫാഹിം )

********8****************************************


Vandhana

# മുത്തശ്ശിയുടെ വിളക്ക്

ഒരിടത്ത് ഒരു മുത്തശ്ശി ഉണ്ടായിരുന്നു. അവരുടെ വീട്ടിൽ ആരും ഉണ്ടായിരുന്നില്ല.ഒരു ദിവസം മുത്തശ്ശി വീട് പൂട്ടി പച്ചക്കറി വാങ്ങാൻ പോയി തിരിച്ച വന്നപ്പോൾ വാതിൽ തുറന്നു കിടക്കുന്നത് കണ്ടു. മുത്തശ്ശിക്ക് സംശയമായി. വീട്ടിൽ കള്ളന്മാരാരെങ്കിലും കടന്നു കാണും! പെട്ടെന്ന് മുത്തശ്ശിക്ക് ഒരു ബുദ്ധി തോന്നി. മുത്തശ്ശി വീട്ടിലിരിക്കുന്ന വിളക്കിനോട് ചോദിച്ചു, 'വിളക്കേ വിളക്കേ,ഞാൻ വന്നിട്ട് എന്താ നീ ഒന്നും മിണ്ടാതിരിക്കുന്നത്. സാധാരണ ഞാൻ വന്നു കയറിയാൽ നീ വല്ലതും ഒക്കെ പറയാറുള്ളതല്ലേ,എന്തുപറ്റി? ഇവിടെ ഇന്ന് ആരെങ്കിലും കയറിയോ?'

മുത്തശ്ശി ഈ ചോദ്യങ്ങളെല്ലാം വിളക്കിനോട് ചോദിച്ചപ്പോൾ വീട്ടിൽ കയറി കൂടിയ കള്ളന് പേടിയായി.അതൊരു മാന്ത്രിക വിളക്കാകുമോ എന്ന് കള്ളൻ കരുതി. ഒരു മുറിയുടെ മുകളിൽ ഇരുന്നുകൊണ്ട് വിളക്കിനോട് പറയുന്നതുപോലെ കള്ളൻ പറഞ്ഞു,'മുത്തശ്ശി ഇന്നിവിടെ കള്ളൻ കയറീട്ടോ!'

ഇത് കേട്ടപ്പോൾ മുത്തശ്ശിക്ക് തന്റെ വീട്ടിൽ കള്ളൻ കയറിയിട്ടുണ്ടെന്ന് ഉറപ്പായി. മുത്തശ്ശി മൂടക്കിൽ വിരൽവെച്ചുകൊണ്ട് പറഞ്ഞു, 'അയ്യോ കഷ്ടം! കള്ളൻ വന്നപ്പോൾ നിനക്ക് ഒന്ന് ഓടിച്ച വിടാൻ വയ്യായിരുന്നോ എന്റെ വിളക്കേ....!'

കള്ളൻ ഒന്നുംമിണ്ടാതെ മുറിയിൽ പമ്മിയിരുന്നു. അപ്പോൾ മുത്തശ്ശി വിളക്കിനോട് പറഞ്ഞു, 'നോക്കൂ വിളക്കേ...ഞാൻ ഒരു കഥ പറയാം കേട്ടോള...ട്ടോ...ഒരിടത്ത് ഒരു പെൺകുട്ടി ഉണ്ടായിരുന്നു. ആ കുട്ടിയുടെ വീട്ടിൽ ഒരിക്കൽ ഒരു കള്ളൻ കയറി. പെൺകുട്ടി ഉറക്കെ ഇങ്ങനെ

നിലവിളിക്കാൻ തുടങ്ങി

' അയ്യോ ഒന്ന് ഓടിവരണേ....!'

മുത്തശ്ശിയുടെ നിലവിളി കേട്ട് ആളുകൾ ഓടികൂടി. അവർ കള്ളനെ പിടിച്ച പോലീസിൽ ഏൽപ്പിച്ചു. പോലീസുകാർ കള്ളനെ കൊണ്ടുപോയി കഴിഞ്ഞപ്പോൾ ഒരാൾ മുത്തശ്ശിയോട് ഇങ്ങനെ ചോദിച്ചു,' മുത്തശ്ശി, മുത്തശ്ശിക്ക് രാത്രി തുണയ്ക്ക് കിടക്കാൻ ആരെങ്കിലും വേണോ...?'

മുത്തശ്ശി ഉടനെ പറഞ്ഞു, 'മക്കളെ, ആരും വേണ്ട.നിങ്ങളെല്ലാം പോയ്ക്കോളു എനിക്കേയ് എന്റെ വീട്ടിലെ ദാ, ഈ വിളക്ക മാത്രം മതി.

(അശ്വിനി)

**********************

# വൃദ്ധസദനത്തിന്റെ വരാന്തയിൽ

അന്നൊരു ബുധനാഴ്ചയായിരുന്നു ആ പെൺകുഞ്ഞിനു ജന്മം നൽകിയത്. അവളിൽ ആയിരം കിനാവുകൾ പൂവണിഞ്ഞു. സരസ്വതിയെ അറിയാം. അവളുടെ കഥയെ അറിയാം. ഗോപാലൻ നായരുടെയും ഉണ്ണൂലിയമ്മയുടെയും മകളാണ് സരസ്വതി. അവളുടെ പതിനെട്ടാമത്തെ വയസ്സിൽ സുധാകരൻ അവളുടെ കഴുത്തിൽ താലി ചാർത്തി. ഇന്ന് സരസ്വതി ഒരു കുടുംബിനിയാണ്. അവളുടെ ജീവിതം സന്തുഷ്ടമായിരുന്നു. പക്ഷേ,വരാനിരിക്കുന്ന വിപത്തിനെപറ്റി അവൾക്ക് അറിയില്ലായിരുന്നു.സുധാകരന്റെ സ്വഭാവത്തിലുള്ള മാറ്റങ്ങൾ അവൾ കണ്ടില്ലെന്ന് നടിച്ചു. അയാൾ അവളെ ഉപദ്രവിച്ചു മൂത്തമകനായ ബാബുവിന്റെ പിതൃത്വം അയാൾ നിഷേധിച്ചു. ഗർഭിണിയായ അവളെ ഉപേക്ഷിച്ച സുധാകരൻ ആ കുടിലിന്റെ പടിയിറങ്ങി. ഇന്നവൾ സന്തുഷ്ടയാണ്. അവളുടെ രണ്ടു മക്കളെയും സ്നേഹിച്ച് അവൾ സ്വയം അധ്വാനിച്ച് ജീവിക്കുന്നു. ബാബുവിനെയും രമ്യയേയും ആ അമ്മ ജീവനുതുല്യം സ്നേഹിച്ചു. അവരെ വലിയ വിദ്യാലയങ്ങളിൽ പഠിപ്പിച്ചു.കൂലിപ്പണി ചെയ്താണ് സരസ്വതി അവരെ വളർത്തുന്നത്. തന്റെ

വിഷമങ്ങളെല്ലാം അമ്മ മക്കളുടെ മുമ്പിൽ മറച്ചുവച്ചു. അച്ഛനില്ലാത്ത കുറവ് അറിയിക്കാതെ സരസ്വതി അവരെ, അവരുടെ ആഗ്രഹങ്ങൾക്കനുസരിച്ച് വളർത്തി. ഇന്ന് ബാബു ഒരു ഫോട്ടോഗ്രാഫറാണ് സ്വന്തമായി സ്റ്റുഡിയോ, വീട്,എല്ലാം അവൻ സ്വന്തമാക്കി. രമയ്ക്ക് ഇഷ്ടപ്പെട്ട ഒരാളെ സ്വയം തിരഞ്ഞെടുത്ത് ജീവിതപങ്കാളിയാക്കി. മക്കളുടെ ആഗ്രഹം മാത്രം നടക്കണമെന്ന് ആഗ്രഹിക്കുന്ന സരസ്വതി അത് എതിർത്തില്ല. രമയ്ക്കിന്ന് സ്വന്തമായി ഒരു കുടുംബമുണ്ട് ബാബു അവന്റെ അമ്മയുടെ ഇഷ്ടംപോലെ സീതക്കുട്ടിയെ വിവാഹം ചെയ്തു.സരസ്വതി ഇന്നും ജോലിക്ക് പോകുന്നുണ്ട്. ബാബുവിന്റെ വീടും സ്റ്റുഡിയോയും കടക്കെണിയിൽപെട്ടു. അവൻ ഇന്ന് കൂലിപ്പണിക്ക് പോവുകയാണ്. ബാബു പതുക്കെ മാറാൻ തുടങ്ങി.സരസ്വതിയെ അവൻ ശ്രദ്ധിക്കാതെയായി. സരസ്വതിയെപ്പറ്റി സീത ഓരോ കഥകൾ പറയാൻ തുടങ്ങി. ബാബു അവന്റെ ഭാര്യയും മക്കളും മാത്രമുള്ള ഒരു ലോകത്തേക്ക് ഒതുങ്ങാൻ തുടങ്ങി. കുടുംബം പോറ്റാൻ നിവർത്തിയില്ലാതെ സരസ്വതിയെ അവൻ രമയുടെ വീട്ടിലേക്ക് മാറ്റി.ഒരു പോസ്റ്റിൽ നിന്ന് തട്ടി കളിക്കുന്ന പന്ത് പോലെ ആ അമ്മയുടെ ജീവിതം കിടന്നുരുണ്ടു. രമയുടെ വീട്ടിൽ നിന്ന് വാടക വീട്ടിലേക്ക്,അവിടെ ബാബുവിന് മടുക്കുമ്പോൾ രമയുടെ വീട്ടിലേക്ക്.വൃദ്ധയായ അമ്മയുടെ ജീവിതം യാത്രയിൽ ചേർന്നു.

ബാബുവിന് അവന്റെ അമ്മ ഒരു ശല്യമായി മാറി. അവൻ സരസ്വതിയെ മർദ്ദിക്കാനും ക്രൂരമായ വാക്കുകൾ കൊണ്ട് ദ്രോഹിക്കാനും തുടങ്ങി. ഒടുവിൽ രണ്ടു മക്കളും ഒരു തീരുമാനത്തിലെത്തി. അവർ അമ്മയെ കുടിലിലേക്ക് മാറ്റാൻ തീരുമാനിച്ചു. ആ അമ്മയെ സംബന്ധിച്ചിടത്തോളം വളരെ ക്രൂരമായിരുന്നു ആ തീരുമാനം. 'നിങ്ങളുടെ ആട്ടും തുപ്പും കേട്ടാലും ഞാൻ നിങ്ങളുടെ കൂടെ ജീവിച്ചോളാം'. ആ അമ്മയുടെ കരച്ചിൽ ആരും കേട്ടില്ല. അവർ സരസ്വതി അമ്മയെ ആ കുടിലിൽക്കൊണ്ട് തള്ളി.അന്ന് തൊട്ടുള്ള ദിനങ്ങൾ വളരെ ക്രൂരമായിരുന്നു. അയൽക്കാരുടെ ഔദാര്യം കൊണ്ട് കിട്ടുന്ന ഭക്ഷണവും കഴിച്ച് ആ അമ്മ ജീവിച്ചു.ബാബുവിന്റെ സ്ഥിതി മെച്ചപ്പെട്ടു. എങ്കിലും തന്റെ അമ്മയെ പറ്റി ഓർക്കാനോ, അമ്മയെ കൂടെ നിർത്താനോ അവൻ തയ്യാറായിരുന്നില്ല. സരസ്വതി അമ്മയെ വിഷാദരോഗം പിടിച്ചടക്കി.ആരോടും മിണ്ടാതെ മൗനം മാത്രം ആ അമ്മ സ്വീകരിച്ചു. ആത്മഹത്യ പ്രവണത ആ അമ്മയിൽ വന്നു. ആരുമില്ലാത്ത ആ അമ്മയുടെ കഥ നാട്ടുകാരറിഞ്ഞു. അവർ പ്രശ്നത്തിലിടപെട്ടു. മാതാപിതാക്കളുടെ വില മനസ്സിലാക്കിയ പോലീസുകാരൻ രമ്യയെയും ബാബുവിനെയും വിളിപ്പിച്ചു. അവർ ഹാജരായി.സരസ്വതി അമ്മയുടെ അവസ്ഥയെപ്പറ്റി അവരെ പറഞ്ഞു ബോധ്യപ്പെടുത്തി. അവർ കേട്ട ഭാഗം നടിക്കാതെ തങ്ങളുടെ പെറ്റമ്മയെ കയ്യൊഴിഞ്ഞു. ബാബുവിന്റെ നിലപാട് അമ്മയെ രമ നോക്കട്ടെ, രമയുടെ നിലപാട് മറിച്ചും. മക്കളുടെ

കാരുണ്യത്തിനായി വിഷാദരോഗിയായ ആ അമ്മ കെഞ്ചി.പക്ഷേ, ആര് കാണാൻ.അവസാനം പോലീസുകാരനും പഞ്ചായത്ത് പ്രസിഡന്റും കൂടി ഒരു തീരുമാനത്തിലെത്തി. അവർ ആ അമ്മയെ വൃദ്ധസദനത്തിലേക്ക് മാറ്റാൻ തീരുമാനിച്ചു.ആ അമ്മയ്ക്ക് സഹിക്കാൻ കഴിയുന്നതിലുമപ്പുറമായിരുന്നു ആ തീരുമാനം. പോലീസുകാരൻ അമ്മയോട് മക്കൾ ഉപദ്രവിക്കാറുണ്ടോ എന്ന് ചോദിച്ചപ്പോൾ ആ അമ്മ ' ഇല്ല 'എന്നേ പറഞ്ഞുള്ളൂ. അങ്ങനെയുള്ള ആ അമ്മയെ മക്കളുപേക്ഷിച്ചു.സരസ്വതി അമ്മയെ കരുണയിലേക്ക് മാറ്റി. ഒരു വിഷാദരോഗിയായ ആ അമ്മ മൗനത്തോടെ ആ തീരുമാനം അനുസരിച്ചു. അവരിന്ന് വൃദ്ധസദനത്തിൽ സന്തുഷ്ടയാണ്.മക്കൾ ഉപേക്ഷിച്ച അനേകം മാതാപിതാക്കൾക്കൊപ്പം സരസ്വതിയമ്മയും.എങ്കിലും ഓരോ പ്രഭാതം വിടരുമ്പോഴും ആ അമ്മ വെറുതെ മനസ്സിൽ തന്റെ മക്കൾ വരുമെന്ന പ്രതീക്ഷയുമായി ഇന്നും ഏകാന്തമായ ആ വരാന്തയിൽ സരസ്വതിയമ്മയുമുണ്ട്. കണ്ണീരിന്റെ കഥ മാത്രം പറയാറുള്ള ഒരമ്മ. തന്റെ മക്കളെ ജീവനുതുല്യം സ്നേഹിക്കുന്ന അമ്മ. ചുടുകണ്ണീരുമായി സരസ്വതി ഇന്നും ആ വൃദ്ധസദനത്തിൽ ഏകാന്തയായി കഴിയുന്നു.

(അജ്സൽ)

# Bogoshipda

Do you remember the day when we
start talking I know we weren’t
perfect like you do it.
you're still my person ..
every night in my dreams ..
I See you..
now you're with your loved one
But here I am dying with your
memories ...

Together we cried
These simple emotions
perhaps that is everything to me.
when it will be
i see your face again
and that time I looked into your
eyes
and say "I missed you" ..........

(Rithunanda)

# പ്രകൃതിയും ജീവനും

പ്രകൃതി എന്നത് മനുഷ്യനിൽ നിന്ന് വേറിട്ട് നിൽക്കുന്ന ഒന്നല്ല.അത് മനുഷ്യന്റെ അജീവ ശരീരമാണ്.ചിലപ്പോൾ മനുഷ്യൻ ഇല്ലാതെ പ്രകൃതിയുടെ നിലനിൽപ്പ് ഉണ്ടാവാം,എന്നാൽ പ്രകൃതിയില്ലാതെ മനുഷ്യന്റെ നിലനിൽപ്പ് സാധ്യമല്ല.എല്ലാകാലത്തും പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്ന ഒരു രീതിയാണ് മനുഷ്യന് ഉണ്ടായിരുന്നത്.കൃഷിയും കന്നുകാലികളെ വളർത്തലും അങ്ങനെ തുടങ്ങി ഭൂമിയെ നശിപ്പിക്കാതെയാണ് മനുഷ്യൻ പ്രകൃതിയിൽ ജീവിച്ചിരുന്നത്.ആധുനിക മനുഷ്യൻ ശാസ്ത്രീയ കണ്ടുപിടിത്തങ്ങളിലൂടെയും വിവരസാങ്കേതിക വിദ്യകളിലൂടെയും പ്രയോഗത്തിലൂടെയും ആണ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്.ചന്ദ്രനിലും സൂര്യനിലും മനുഷ്യന്റെ ആധിപത്യം ഏറെക്കുറെ സാധിച്ചു കഴിഞ്ഞിരിക്കുന്നു.. ഇപ്പോൾ

അങ്ങനെയൊക്കെ ആണെങ്കിലും മനുഷ്യനും പ്രകൃതിയും ഇണങ്ങി അല്ലാതെ ഒരു ജീവിതം നാശത്തിലെ കലാശിക്കൂ.......
പ്രളയം,കാലാവസ്ഥ,കാട്ടുതീ ,ചൂട് കൂടുതൽ , മഞ്ഞുമലകൾ ഉരുകുന്നത് ,മഴ കുറയുന്നത്, കോവിഡ് നിപ്പ പോലെയുള്ള വൈറസ് രോഗങ്ങൾ ,ഇവയെല്ലാം മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം വഷളമായതിന്റെ സൂചനയാണ്.മണ്ണിൽ ലയിക്കാത്ത പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ ഉപയോഗം തീർച്ചയായും പ്രകൃതിക്ക് ദോഷം ചെയ്യുന്നുണ്ട്.കാർബൺഡയോക്സൈഡ് അമിതമായി പുറത്തുവിടൽ ഓക്സിജന്റെ അളവിനെ കുറയ്ക്കുന്നുണ്ട്.അതുകൊണ്ടുതന്നെ ശുദ്ധമായ വായുവിന് വേണ്ടി ഓക്സിജൻ പാർലറുകൾ തേടി പോകേണ്ടി വരുന്നു.കേരളത്തിലെ കാലാവസ്ഥയെ തന്നെ എടുത്താൽ കാലവർഷം ആയിരുന്നു മലയാളികൾക്ക് കൃഷിക്കും കുടിവെള്ളത്തിനും ഏറ്റവും അനുയോജ്യമായത്.മുമ്പ് കാലത്തെ

കർക്കിടകമാസം വലിയ മഴ ലഭിച്ചിരുന്നു.
എന്നാൽ 2023 വർഷം മാത്രം എടുത്താൽ 9% മഴയാണ് കേരളത്തിൽ ലഭിച്ചത്.ഇതു വലിയ വരൾച്ചയ്ക്കും രോഗങ്ങൾക്കും കാരണമായിരിക്കാം.ഒരു ചെറിയ മഴ വരുമ്പോഴേക്കും പ്രളയമാണ് നമുക്ക്.എന്തുകൊണ്ടാണ് ഈ അവസ്ഥ?
പെയ്യുന്ന മഴയെല്ലാം വയൽ, കായൽ, തോടുകൾ, പുഴകൾ ഇവയിലെല്ലാം വന്നു നിറയുകയായിരുന്നു പതിവ്.എന്നാൽ വയലുകളെല്ലാം നികത്തപ്പെട്ടു.അവിടെ വലിയ ഫ്ലാറ്റുകളും വ്യവസായ സ്ഥാപനങ്ങളും ഉയർന്നു വന്നു , പട്ടണങ്ങളും വന്നു. ഇതോടെ ഒരു ചെറിയ മഴ പ്രളയത്തിന് കാരണമാവാൻ തുടങ്ങി. മനുഷ്യൻ പ്രകൃതിയെ തൊടാതെ ജീവിക്കുക എന്ന കാഴ്ചപ്പാട് ഒട്ടും ശരിയല്ല കാരണം ആധുനികമായ വളർച്ചയനുസരിച്ച് അവൻ്റെ ആവശ്യങ്ങളും കൂടുന്നുണ്ട്. എന്നാൽ അമിതമായ ദുരുപയോഗം തീർച്ചയായും പ്രകൃതിക്ക് ദോഷം ചെയ്യുന്നു.

(നഹ്മിൽ നവൻ )

*************

# എൻ ഭൂമിയെ...

എൻ പ്രിയ ഭൂമിയെ ചൊല്ലൂ നീ എന്നോട്...
നിന്നിലൊളിഞ്ഞിരിക്കും സത്യങ്ങൾ എല്ലാം
നിന്നോട് കാട്ടും ക്രൂരതകൾക്കെല്ലാം
മാപ്പ് പറയുന്നു ഞാൻ ഒരാൾ തന്നെയും
ഇന്നു ഞാൻ അറിയുന്നു ഭൂമിതൻ പരിഭവം
മനുഷ്യമൃഗങ്ങളോട് ആയി
പാരിലെന്നായുസ്സെത്രയോ
ആവട്ടെ, അക്കാലമത്രയും മനുഷ്യമൃഗങ്ങൾ
തൻ
അഭ്യാസങ്ങളെ ഇനിയെന്തിനു
നോക്കിനിൽക്കണം?
പൊരുതുന്ന നിനക്ക് വേണ്ടി നിൻ പരിഭവം
മാറ്റാൻ വേണ്ടി എന്തിനീ ജീവിതം
പാഴാക്കണം?
ഞാൻ വസിച്ചിടും നിന്നിൽ ഒരു

അഗ്നിപർവ്വതയായ്
പൊട്ടിത്തെറിച്ചിടും നിനക്കുവേണ്ടി
ഇതൊന്നും പ്രായശ്ചിതമല്ലെൻ ഭൂമിയെ...
എൻ കടമയാണിതത്രയും
എൻ കാലമത്രയും
എൻ കടമ ചെയ്യും
നല്ലൊരു മർത്യനായി.
(Fathima hadiya)

**************

# പാലത്തിന്റെ ബലം

ജിങ്കു എന്ന കാട്ടുപോത്തൊരു യാത്ര പോവുകയായിരുന്നു. വഴിക്ക് ഒരു അരുവിക്ക് കുറുകെ പഴയ ഒരു പാലം ഉണ്ട്. അത് കണ്ടപ്പോൾ ജിങ്കുവിന് പേടി:"കയറിയാൽ പാലം ഒടിയുമോ?" മരത്തിൽ അതാ ഒരു പരുന്ത്. "പാലത്തിനു വേണ്ടത്ര ഉറപ്പുണ്ടോ?" ജിങ്കു ചോദിച്ചു. "ഉണ്ടല്ലോ" പരുന്ത് സംശയിക്കാതെ പറഞ്ഞു. ജിങ്കു ധൈര്യമായി പാലത്തിൽ കയറി. "ബ്ലും ബ്ലും" പാലം ഒടിഞ്ഞ് ജിങ്കു വെള്ളത്തിൽ! ഒരു വിധത്തിൽ അവൻ നീന്തി കരയിലെത്തി. 'പാലത്തിൽ കയറേണ്ട കാര്യമേ ഇല്ലാത്തവൻ അല്ലേ പരുന്ത്?

ഉപയോഗിച്ചിട്ടില്ലാത്ത സാധനത്തിനെപ്പറ്റി ആരെങ്കിലും പറയുന്ന അഭിപ്രായം കേട്ട് പ്രവർത്തിച്ചതാണ് എൻറെ തെറ്റ്.'

(Fiza fathima )

*********


Sreelakshmi

# Sweet Dream

That-was like a heaven
The doors was opened for me,
with a sweet welcome song.
Oh...... I wondered
There were full of pearls and corals
Beautiful angel danced
around me..........!
The charming smile of flowers
made me wonder
Little stars twinkling their eyes at me.
A beautiful butterfly with golden
wings
came to me.
She told me something special.
Oh.....no,I couldn't hear that
But....now I realise
That was a dream
a sweat dream.

(Adidev)

# CAT

The black cat yawns
open her jaws
stretches her legs
and shows her claws

Then she gets up
and stands on four
long still legs
and yawns some more

She shows her sharp teeth
she stretches her lip,
Her slice of a tongue
Turns up at the tip

Lifting herself
on her delicate toes
She arches her back
As high as it goes

She lets herself down
with particular care
And pads away
with her tail in the air

(FAHIM HABEEBULLAH)

# സഞ്ചാരിയുടെ ബുദ്ധി

ഒരിക്കൽ ഒരു രാജാവിന്റെ തൊണ്ടയിൽ ഭക്ഷണം കഴിക്കുന്ന സമയത്ത് ഒരു എല്ലിന്റെ കഷ്ണം കുടുങ്ങി. രാജ്യത്തിലെ പല ഡോക്ടർമാരും അത് പുറത്തെടുത്താക്കാൻ നോക്കിയെങ്കിലും പറ്റിയില്ല. രാജാവിന്റെ ജീവൻ അപകടത്തിലാണെന്നറിഞ്ഞ ഒരു സഞ്ചാരി ഒന്നു പരീക്ഷിക്കാൻ തീരുമാനിച്ചു.സഞ്ചാരി രാജാവിനോട് പറഞ്ഞു " മഹാരാജാവേ താങ്കളുടെ തൊണ്ടയിൽ കുടുങ്ങിയ എല്ല് ഞാൻ പുറത്തെടുത്ത് തരാം. എന്നാൽ അതിന് താങ്കൾ വലിയ വില നൽകേണ്ടിവരും. താങ്കളുടെ ഏക മകൻ അടുത്ത യുവരാജാവ് മരിക്കും.

ഇത്  രാജാവിന്റെ കണ്ണുകളിൽ പേടിയും സങ്കടവും ഒരുപോലെ പ്രത്യക്ഷമാക്കി. പിതാവിന്റെ ജീവൻ രക്ഷിക്കാനായി മകൻ മുന്നിലെത്തി. സഞ്ചാരി ഒരു വാളാണ് ആവശ്യപ്പെട്ടത്. വാളുമായി അവൻ
സഞ്ചാരിയുടെ മുന്നിലെത്തി.
രാജാവിന്റെ കണ്ണുകൾ നിറഞ്ഞു.
പെട്ടെന്നാണ് വാൾ ഉയരുന്ന ശബ്ദവും ഒരു കരച്ചിലും ഒന്നിച്ച് കേട്ടത്.ഒപ്പം രാജാവിന്റെ ഒച്ചത്തിലുള്ള ആർപ്പും. ആ ആർപ്പിൽ എല്ലിൻ കഷ്ണം പുറത്ത് ചാടി. യഥാർത്ഥത്തിൽ സഞ്ചാരി വെട്ടിയത് ഒരു ആടിനെയാണ്. ആ കരച്ചിൽ കേട്ട രാജാവ് തന്റെ
മകന്റെ തലയാണ് മുറിഞ്ഞത് എന്ന കരുതി ആ ഞെട്ടലിലാണ് എല്ല് പുറത്തു വന്നത്. സഞ്ചാരിയുടെ ബുദ്ധി ശക്തിയിൽ മതിപ്പ് തോന്നിയ രാജാവ് തന്റെ രാജ്യത്തിന്റെ പകുതി നൽകി.

-Adnan  sameer

# തിരിച്ചറിവ്

ദിയ എന്ന ഒരു പെൺകുട്ടി ഉണ്ടായിരുന്നു. ദിയ വളരെ സമ്പന്നയായിരുന്നു. വലിയ വീടും വലിയ വലിയ വിലപിടിപ്പുള്ള വണ്ടികളും എല്ലാം ഉണ്ടായിരുന്നു. അവളുടെ അച്ഛനും അമ്മയും അവളെ ഒരു കുറവും കൂടാതെ വളർത്തി. അവളുടെ സ്കൂളിൽ ആർക്കും അവളെ ഇഷ്ടമായിരുന്നില്ല. കാരണം അവൾ പലരെയും വേർതിരിച്ച് കണ്ടിരുന്നു. പാവപ്പെട്ടവർ ആണെന്ന് തോന്നിയ കുട്ടികളോട് അവൾ നല്ലവണ്ണം പെരുമാറിയിരുന്നില്ല. രണ്ട് സുഹൃത്തുക്കൾ മാത്രമേ അവൾക്ക് ഉണ്ടായിരുന്നുള്ളൂ.അവൾക്ക് എല്ലാമുണ്ട്, അവൾക്ക് ഒന്നിനും ആരുടെയും സഹായം ആവശ്യമില്ല, എന്ത് പറ്റിയാലും കുഴപ്പമില്ല. അത് മറികടക്കാൻ അവളുടെ പക്കൽ വേണ്ടത്ര പണമുണ്ട് എന്ന ചിന്തയായിരുന്നു അവൾക്ക്. അവളുടെ ജീവിതത്തിൽ പണമുണ്ടെങ്കിൽ എപ്പോഴും സന്തോഷത്തിൽ ജീവിക്കാം എന്നായിരുന്നു അവൾ കരുതിയത്.

അവൾക്ക് അവളുടെ ജീവിതത്തിൽ ഏറ്റവും കൂടുതൽ ഇഷ്ടം അവളുടെ അച്ഛനെയാണ്. എന്ത് ആവശ്യം വന്നാലും അത് അവളുടെ അച്ഛൻ നിറവേറ്റി കൊടുക്കുമായിരുന്നു. അങ്ങനെയിരിക്കെ അവളുടെ അച്ഛന് നിരന്തരമായി തലവേദന അനുഭവപെടാൻ തുടങ്ങി. അവർ ആശുപ്രതിയിൽ കാണിച്ചപ്പോഴാണ് മനസ്സിലായത് അവളുടെ അച്ഛന് ക്യാൻസർ ആണെന്ന്. ഇത് കേട്ടപ്പോൾ അവൾക്ക് വളരെ അധികം സങ്കടമായി. ഡോക്ടർമാർ പറഞ്ഞു ഇനി എട്ട് മാസം കൂടി മാത്രമേ അവളുടെ അച്ഛൻ ജീവനോടെ ഉണ്ടാകു എന്ന്. എട്ടു മാസത്തിൽ ഒരോ ദിവസം കടന്നു പോവുമ്പോഴും അത് അവളെ വല്ലാതെ സങ്കടപെടുത്തി.

കോടിക്കണക്കിന് പണം ചിലവഴിച്ച വ്യത്യസ്ത ആശുപ്രതിയിൽ ചികിത്സ തേടി. എന്നിരിന്നാലും എട്ടു മാസത്തിനു ശേഷം അവളുടെ അച്ഛൻ മരിക്കയുണ്ടായി. അവൾ ഏറ്റവും കൂടുതൽ സ്നേഹിച്ച ഒരാൾ വേദനിച്ച മരിക്കുന്നത് അവൾക്ക് ഒട്ടും സഹിക്കാൻ

ആവ്യമായിരുന്നില്ല. അവളുടെ അച്ഛന്റെ മരണം അവളെയും അവളുടെ കുടുംബത്തേയും വല്ലാതെ തളർത്തി. അച്ഛന്റെ മരണത്തിനു ശേഷം അവളുടെ കാഴ്ച്ചപ്പാടുകൾ മാറിതുടങ്ങി. എല്ലാ വർഷത്തിലും അവളുടെ പണം കാൻസർ ക്യാമ്പുകളിലേക്കും മറ്റുമായി മാറ്റിവെച്ചു. അവൾ എല്ലാവരെയും
ഒരുപോലെ കാണാൻ പഠിച്ചു. പണം ഉണ്ട് എന്നുള്ള അവളുടെ അഹങ്കാരം ഇല്ലാതായി. പണമാണ് എല്ലാം എന്നുള്ള വിശ്വാസം അവൾ കളഞ്ഞു. അവളുടെ ജീവിതത്തിലെ വലിയ ഒരു പാഠം അവൾ ഉൾക്കൊണ്ടു. ഏത്ര പണമുണ്ടെങ്കിലും ഏത്ര പ്രശസ്തിയുണ്ടെങ്കിലും മനുഷ്യന്റെ നിസ്സഹായ അവസ്ഥ പലയിടങ്ങളിലും തെളിഞ്ഞു കാണാം.

Shehzan Mohamed

*****************

# RAIN

Rain is the grace of God
The splash of water
It gives drinking water
Drops of rain is drops of gladness
It touches all the leaves
It comes waving and dancing
And flows by gracing
When the rain comes
We all are happy
Frogs will dance and birds will sing
Sway in rain
Like the hornbills and peacocks
Who delight in the rain

-Adnan azeez

# BAD COMPANY

Once there was a farmer who owned a small farm and raised expensive crops on it. He was very happy but there was a trouble for him. A crow lived near the field in a tree. Whenever the crop was ready, it would call other crows and all of them would harm the crop a lot. It happened many times and the farmer decided to do something.

Thinking very hard, the farmer hit upon a plan. He scattered some grain on the field and spread a net also. The crow saw the grain and called is friends to enjoy it. Unluckily a pigeon also came down with the crowd to feed on the grain. Soon all the birds including the pigeon were trapped in the net.

The farmer was hiding nearby. Seeing the birds trapped, he came out from his hiding and said "You wretched fellows! You will

now pay for the harm that you have been doing to my crops".

Just then the farmer heard the sound of the cooing of a bird. He looked at the net in wonder and found a white pigeon among them. The pigeon was cooing in a pitiable sound. The farmer felt sorry for it as it has been caught innocently. So he went to the net and got the pigeon out of it safely. Addressing the pigeon the farmer said "Never mix with cunning birds. It was in their company that you were also trapped."
Moral: Bad company leads to harm.

-Riya fathima

*******************************************

# LONELINESS

Every lonely night
I watch the moon
And I feel like
it is all alone in the sky

I hope I can make it happy
But unfortunately I can't.
I know how it feels to be
lonely
But there's nothing we can do

But then a star came
to accompany the moon!
And I feel so happy
at last it has got a friend
unless like me.

I was waiting for someone

to notice me
But no one did until I've gone
the ocean is shining
under the moonlight
But Deep inside
everything has a dark side
maybe they don't show it
they will shine in front of us
to make us happy......

After it's gone
we'll know it's beauty
And there's nothing to
be sadden about.
And that's what our
fate is.

(AYSHA NEHRIN)

# BEAUTIFUL DREAM

**BEAUTIFUL THOUGHTS IN A**
**BEAUTIFUL MIND**
**GIVE BEAUTIFUL DREAMS TO**
**BEAUTIFUL EYES**
**ENJOY A BEAUTIFUL NIGHT**
**WITH BEAUTIFUL DREAMS**

**(RISHIKESH)**

# C V RAMAN

CV Raman was an Indian physicists known for his contributions in the field of light scattering. Using a spectograph that he developed, he and his student Krishnan discovered that when light travels trough a transparent material, the reflected light changes its Wave length and frequency.

This phenomenon, a hitherto unknown type of Scattering of light which they called Modified Scattering was subsequently termed the Raman effect or Raman Scattering. Raman received the 1930 Nobel prize in physics for the discovery.

(Adwaith .J.P)

# വായനാമന്ത്രം

എട്ടുവർഷം മുമ്പാണ് സൈറയുടെ മാതാപിതാക്കൾ ഒരു ആക്സിഡന്റിൽ മരണപ്പെടുന്നത്. അതിനുശേഷം തന്റെ മുത്തശ്ശിയുടെ കൂടെ ഒരു മനോഹരമായ താഴ്വരയിലാണ് സൈറ താമസിച്ചിരുന്നത്. അവൾക്കിപ്പോൾ പതിനഞ്ച് വയസ്സ് തികയുന്നു. സൈറ ഒരു  പ്രകൃതിസ്നേഹിയാണ് കൂടാതെ ഒരു പുസ്തകപ്രേമിയുമാണ്..അവളുടെ ആ കൊച്ചുവീട്ടിൽ ഒരു പൂന്തോട്ടം ഉണ്ടായിരുന്നു. അവളായിരുന്നു ആ പൂക്കളെയൊക്കെ പരിപാലിച്ചിരുന്നത്. അവിടെ ഒരു പുസ്തക മുറിയുണ്ടായിരുന്നു.അതിലെ പുസ്തകങ്ങളും ആ മുറിയും എല്ലാം അവളുടെ അച്ഛന്റെയാണ്. ഈ രണ്ട് ഇടങ്ങളിൽ ആയിരുന്നു അവൾ അവളുടെ കൂടുതൽ സമയവും ചിലവിട്ടിരുന്നത്.

പണ്ടൊരിക്കൽ അച്ഛന്റെ പ്രിയപ്പെട്ട പുസ്തകം വായിക്കാനായി ശാന്തമായ ഒരു ഇടവും തപ്പി അച്ഛൻ വീട്ടിൽ നിന്നും ഇറങ്ങി. രാവിലെ പോയ അച്ഛൻ തിരിച്ചെത്തിയത് വൈകിട്ടാണ്. സൈറ അച്ഛന്റെ അരികിലേക്ക് ഓടിച്ചെന്ന് ചോദിച്ചു,'എവിടെയായിരുന്നു അച്ഛൻ ഇത്രയും നേരം?', ഒരു പുഞ്ചിരിയോടെ അച്ഛൻ

അവളോട് പറഞ്ഞു, 'ഞാൻ ഒരു മായാ ലോകത്ത് ആയിരുന്നു' സൈറക്ക് ഒന്നും മനസ്സിലായില്ല. അച്ഛൻ നേരെ തന്റെമേശപ്പുറത്തിരുന്ന താൻ കൂടപ്പിറപ്പിനെ പോലെ സ്നേഹിക്കുന്ന ഡയറിയിൽ എന്തൊക്കെയോ എഴുതാനായി തുടങ്ങി.

അച്ഛന്റെ മരണത്തിനുശേഷം ഡയറി അവൾ ഒത്തിരി തപ്പിയെങ്കിലും, കിട്ടിയില്ല. അങ്ങനെ ഒരു ദിവസം പുസ്തകം വായിക്കുന്നതിനിടയിൽ ചട്ടയിൽ നിന്നും അടർന്നു ഒരു പേപ്പർ കട്ടിലിനടിയിലേക്ക് പോയി. പേപ്പർ എടുക്കുന്നതിനിടയിൽ കുറെ വർഷം പഴക്കമുള്ള ഒരു മരത്തിന്റെ പെട്ടി അവൾ കാണാനിടയായി,അത് വലിച്ചു പുറത്തെടുത്തു തുറക്കാൻ അവൾ ശ്രമിച്ചു. കുറെ കാലം പഴക്കമുള്ളതുകൊണ്ടായിരിക്കാം അവൾക്ക് അത് തുറക്കാൻ സാധിച്ചില്ല. അങ്ങനെ ഒത്തിരി നേരത്തെ പരിശ്രമത്തിനു ശേഷം അവൾ അത് തുറന്നു. അപ്പോൾ തന്നെ അതിനുള്ളിൽ നിന്നും ഒരു പല്ലി ചാടി അവളുടെ കൈയിൽ വീണു. അതുകണ്ട് പേടിച്ച് അവൾ പുറകിലേക്ക് വീണു. വീഴുന്നതിനിടയിൽ കൈയിൽ ഉണ്ടായിരുന്ന പെട്ടി തെന്നി താഴെ വീണു. ആ ശബ്ദം കേട്ട് അടുക്കളയിൽ നിന്നും മുത്തശ്ശി ഓടി വന്നു. 'എന്താ സൈറെ...എന്തായിരുന്നു ആ ശബ്ദം?' ' അത് പല്ലി ചാടി പെട്ടി കയ്യിൽ

നിന്ന് വീണതാണെന്ന്" പറഞ്ഞു. പെട്ടിയിൽ നിന്ന് വീണ ചിതറിക്കിടക്കുന്ന പുസ്തകങ്ങൾ നോക്കാനായി തുടങ്ങി. ഭാഗ്യവശാൽ സൈറക്ക് തന്റെ അച്ഛൻ സ്വന്തം കൂടപ്പിറപ്പിനെ പോലെ സ്നേഹിച്ച ഡയറി ആക്കൂട്ടത്തിൽ നിന്നും കണ്ടെത്താൻ സാധിച്ചു. ഡയറി കിട്ടിയ സന്തോഷത്തിൽ മുത്തശ്ശിയെ കെട്ടിപ്പിടിച്ച് കവിളിൽ ഒരു ഉമ്മ കൊടുത്ത് അവൾ വരാന്തയിലേക്ക് ഓടി. പുറത്തു നല്ല മഴയായിരുന്നു ആ ഡയറി വായിക്കാനായി അവൾ തുടങ്ങി.

(ഡയറി)

എല്ലാവരും ഗാഢനിദ്രയിലാണ്. രാത്രിയുടെ സാമീപ്യം മുല്ലയ്ക്ക് അനുഭവപ്പെട്ടു. അവൾ പതുക്കെ കണ്ണുകൾ തുറന്നു അവളുടെ മനോഹരമായ ഗന്ധം ചുറ്റിലും പടർന്നു. പതുക്കെ സൂര്യന്റെ പ്രകാശം സൂര്യകാന്തിയെ തഴുകിയുണർത്തി.സൂര്യന്റെ സാമീപ്യം അവളുടെ പുഞ്ചിരിയുടെ സൗന്ദര്യം നൂറിരട്ടിയായി വർധിപ്പിച്ചു.തേനീച്ചകളുടെ മൂളിപ്പാട്ടിൽ ലയിച്ചു. തേൻ നുകരുന്ന തിരക്കിലായിരുന്നു പൂമ്പാറ്റകളും വണ്ടുകളും. ആ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് മഞ്ഞ പൂവിതളുകൾ കൊണ്ട് നിറഞ്ഞ പാതയിലൂടെ ഞാൻ നടന്നു.മുത്തുകൾ ചിതറി വീഴുന്നതുപോലെ തെളിഞ്ഞ വെള്ളം. വെള്ളം താഴേക്ക് വീഴുന്ന കാഴ്ച എന്റെ കണ്ണുകൾക്ക്

കുളിർമ നൽകി. ഇത്രയ്ക്കും സൗന്ദര്യവതിയാണോ പ്രകൃതിയെന്നെനിക്ക് തോന്നി.!)

ആ ഡയറിയിലെ വാക്കുകൾ കൊണ്ടുള്ള വർണ്ണന സൈറ അവളുടെ മനസ്സിൽ ചിത്രങ്ങളാക്കി. ഡയറിയിൽ എഴുതിയ സ്ഥലം അന്വേഷിച്ചു മുത്തശ്ശിയോട് യാത്ര പറഞ്ഞ് അവൾ വീട്ടിൽ നിന്ന് പുറപ്പെട്ടു . അങ്ങനെ വീട്ടിൽ നിന്നും ഒത്തിരി ദൂരം പിന്നിട്ടു.പക്ഷേ, അവൾക്ക് ആ സ്ഥലം കണ്ടെത്താൻ സാധിച്ചില്ല.

അവൾ പിന്മാറാൻ തയ്യാറായിരുന്നില്ല, അവൾ ഒറ്റയ്ക്ക് യാത്ര തുടർന്നു, കയ്യിലുള്ള വെള്ളം തീർന്നപ്പോൾ വെള്ളം അന്വേഷിച്ചു നടക്കുന്നതിനിടയിൽ അവൾ ഒരു മരം കാണാനിടയായി. അതൊരു സാധാരണ മരം ആയിരുന്നില്ല. മൂന്നു മരം കൂട്ടി വച്ചാൽ ഉള്ള അത്ര,തടിയും വാതിൽ പോലെ ഒരു വലിയ ദ്വാരവും ഉണ്ടായിരുന്നു. പേടിയോടെയാണെങ്കിലും അവൾ അതിനുള്ളിലേക്ക് കടന്നു. ഇരുട്ട് അവളുടെ കണ്ണുകളെ മറച്ചു. കുറച്ചു കഴിഞ്ഞപ്പോഴേക്കും അവൾ വെളിച്ചം കണ്ടു.

അവിടെ കണ്ട കാഴ്ചകൾ അവളെ അത്ഭുതപ്പെടുത്തി. ഡയറിയിൽ എഴുതിയതിനെക്കാൾ പതിന്മടങ്ങ് ഭംഗി. അങ്ങനെ അവൾ മഞ്ഞ പൂവിതളുകൾ കൊണ്ട്

നിറഞ്ഞ പാതയിലൂടെ നടന്നു. ഒരു ചുവന്ന റോസാപ്പൂവിനെ തലോടിക്കൊണ്ട് അവൾ അതിന്റെ ഭംഗി ആസ്വദിക്കവേ, അവളുടെ മൃദുലമായ കൈകൾ കൊണ്ട് സ്പർശിച്ച റോസാപ്പൂവിൽ നിന്ന് ഒരു പ്രകാശം വരികയും അതിനുള്ളിൽ നിന്ന് ഒരു കുഞ്ഞു മാലാഖ പുറത്തേക്ക് വരുകയും ചെയ്തു. സൈറയുടെ പ്രകൃതിസ്നേഹം മാലാഖയ്ക്ക് ഒത്തിരി സന്തോഷം നൽകിയതിനാൽ അവളെ പൂക്കളുടെ ദേവത അനുഗ്രഹിച്ചു.

അങ്ങനെ ഒരു ഗാഢനിദ്രയ്ക്ക് ശേഷം സൈറ ഉണരുകയാണ്.ആ മനോഹരമായ സ്വപ്നം പ്രകൃതിയോടുള്ള സൈറയുടെ അളവറ്റ സ്നേഹം കൂട്ടുന്നു. ഡയറി വായിക്കുന്നതിൽ മുഴുകിയിരിക്കെ തുണിൽ ചാരിയിരുന്ന് തണുത്ത കാറ്റ് അവളെ തഴുകിയുറക്കിയത് അവൾ അറിഞ്ഞിരുന്നില്ല. സത്യത്തിൽ അച്ഛൻ എഴുതിയ ആ ഡയറി ഒരു ഭാവനയായിരുന്നോ?....

(വൈഗ.എ.ടി)

**************************************

# SUNDAY X FUNDAY


On a sunday its a fun day
I go to park but not to bark
I go to make sunday a funday

Buy an ice cream then
like we see in dream
its colourful and wonderful
as well
I meet some friends have fun
will, friends With lots of laugh
all had coughs!
on a Sunday its a funday! I go
to park but not to bark!
I go to make sunday a funday.

- Aysha Sana

# RIVER

I am the river
I am flowing to the desert
which is very Dry
I want to travel long
distance miles and miles I
want to travel I want to visit
organ I want to travel
through heavy clouds want
to compete with along wind
and thunder want to travel
the entire earth,I am the
river, the river I want to
nourish and flourish the dry
lands and minds
(Irfan Mohammad )



# MY MOST FAVORABLE FOOTBALL PLAYER

Lionel messi is my favourite football player He is one of the most celebrated player of football player .He is an argentinian football player. He is not just a player, but also a true role model. His dedication, hard work and passion for the game are truly amazing .I really enjoy watching him.

Messi holds many records across his club and national on top of holding the Ballon d'or record, he also holds many more. He holds the record for the most La Liga Goats (474), La liga hat tricks (36), south american miernational male goals (98) and many more I Love Messi because he has the best skills, dribblings, sportsmanship and all. He makes the match interesting. I also like his career goals in PSG

(Shayan Muhammed)

# NATURE

EVERYTHING IS NATURE
GOD GAVE US THIS FEATURE
BIRDS FLY IN THE SKY
AND MOUNTAINS ARE SO
HIGH

TREES ARE GREEN
AND WATER IS SO CLEAN
THEY ARE ONLY GARMING IT
BUT IT NEVER BETRAYS

(AADITYA)

# Wings of Fires

By: A. P. J Abdul Kalam.This book is the Auto- biography of APJ Abdul Kalam. There is so much knowledge and good things that everybody can extract from this book. Reading this book is very heart warming and beautiful experience. This book contains a detailed description of how great things can be achieved through simple thoughts .This book conveys a detailed description of how great things can be achieved though simple thoughts.

This conveys the message of Dr.Kalam :- Always keep your dreams high, goals clear, plan perfectly and do hard work. The story is all about a warm and intensely personal,

deeply passionate, common boat owner's son who has became India's most distinguished living technogat. The pare belief in God in dealing life with positivity....and technologicals advancements... Love towards one country and many more things are mentioned in this book. The Missile man of India Inspires the world!

A very detailed description of how great things can be achieved through simple thoughts Always keep your dream high, goals clear, plan perfect and work. Through people, finally it is people who matters and inspire them though expetational human touch. Dr. Kalam proved beyond words, keep head high and feet firmly in ground, understand the environment motivate people and guide with vision and unstinted hard work, wonders can be achieved.

Every student during their school days should read this book .Leadership lesson is given. How to face life, Solve the struggles, country to keep first, personal requirement always afterwards.

Keep clean heart, clear...focus... strong faith in Almighty and he achieved all success.

Everytime he did not succeed but work more and more, corrected and believed in himself to convey to Success. Never miss reading this great book.

(Ayisha Shoukeen)

# Rabindranath Tagore

Rabindranath Tagore was born on 7 May 1861 in Kolkata. He was a Bengali polymath who worked as a poet, writer, playwright, composer, philosopher, social reformer and painter. He reshaped Bengali literature and music as well as Indian art with contextual Modernism in the late 19th and early 20th centuries. Author of the "profoundly sensitive fresh and beautiful" poetry of Gitanjali, he became in 1913 the first non European and the first lyricist to win the Nobel prize in Literature. Tagore's poetic songs were viewed as spiritual and mercurial;

however " elegant frose and magical poetry remain largely unknown outside Bengal. He was a fellow of uthe Royal Asiatic Society. Reffered to as Tagore "the Bard of Bengal", was known by sobriquets: Gurudev, Kobiguru, Biswakobi

A Bengali Brahmin from calcutta with ancestral gentry roots in Burdwan district and Jessore. Tagore wrote poetry as an eight-year-old. At the age of sixteen, he released his first substantial poems. under the pseudonym Bhanusimha ["Sun Lion" ], which were seized upon by literary authorities as long- lost classics. By 1877 he graduated to his first short stories and Dramas published under his real name. As a humanist, universalist, internationalist and ardent critic of nationalism, he denounced the British Raj and

advocated independence from Britain. As an exponent of the Bengal Renaissance, he advanced a vast canon that comprised paintings, sketches and doodles, hundreds of texts, and some two thousand songs; his legacy also endures in his founding of Visva Bharati University .

Tagore modernised Bengali art by spurning rigid classical forms and resisting linguistic structures. His novels, stories, songs, dance -dramas and essays spoke to topics political and personal.Gitanjali [ song offerings), Gora (Fair Faced )and Ghare- Baire (The Home and the world )are hir best-known works and his verse, short stories and novels were acclaimed - for their

lyricism, colloquialism, naturalism and unnatural contemplation. His compositions where chosen by two nations as national anthems : India's "Jana Gana Mana" and Bangladesh's "Amar Shonar Bangla". The Sri Lankan national Anthem. was inspired by his work. He died on 7 August 1941.

- Avanthika-

# FAMOUS SAYING OF EMINENT PERSONALITIES

You must be the change you wish to see in the world - Mahatma Gandhi.

Time isn't measured by passing of years but by what one does, what one feels and what one achieves - Jawaharlal Nehru

If you fail, never gives up. Because fail means "First attempt in learning - APJ Abdul Kalam

Not all of us can do great things. But we can do small things with great love - Mother Teresa.

(FADWA M C)

# INDIA IS ON THE MOON

The word we wanted to hear from the last few years have become a reality now. Chandrayaan 3 has successfully landed on the Moon and the whole world has congratulated us.

Chandrayan 3 is India's third moon mission conducted by ISRO. It was launched on July 14th 2023 From Satish Dhawan Space Centre. It is a follow up of Chandrayaan 2 which failed to make a soft landing and crashed during touch down. Only three countries; The USA, Russia and China has successfully soft landed on the moon.

India has become the fourth country to achieve a soft landing on the moon and first to land in the lunar Southern pole.

(Fadwa M C )

# MOTHERS WHO KICK THEIR BABIES!

Human mothers lie down when they give birth to babies. But giraffes, the tallest among animals give birth while standing up. As soon as it is born, the giraffe calf falls to the ground from a height of 6 feet within an hour of birth, the calf gets up and starts running around.

Giraffes live among hungry lions and wolves that love to eat helpless newborn animal babies. So, the giraffe calf has

to quitely learn to get up and move around. So that it can escape from lions. Sometimes, a mother giraffe kicks her newborn baby. How could a mother be so cruel to an innocent baby? The truth is that the mother is kicking her calf only to protect it from
the lions. Some of the lazy calves do not get up at once and the mother has to give it a kick to make it get up and be active. Just like the idle giraffe calves, some of us feel lazy to wake up early and on time. So our parents scold us for sleeping even after the sun has risen. We feel angry with

our parents for scolding us every morning. But just as a mother giraffe kicks her baby for it's own good. Our parents scold us to make us realise what is good for us.

So the next me your parents or teachers Scold you, think about the mother giraffe.

DAYONA

*************

# My dear father

My father.
He is my ideal
He who gave me strength
to face life's flight.
He gave me all the joys and
taught to forget all the annoys.
But I remember
he was restless
like a bird flying for
the sake of others........
He flew around here and there
once he flew away to the firmament
He loved as alot.......

His face was filled with grace and
elegance
which embraced everyone
He invited all the sorrows with smile
He wished me to travel miles.....
He taught me to step to this
competative world
And gave me all the courage

Oh! Almighty!!! Bless my father with
everlasting peace and bliss
My journey of life countinues ......
To travel along new roads.......
To succeed my father's mission
My sweet father
you will always stay in my heart.

(-NIYAGA NEFRA)

# The Beauty Unseen

Beauty is not a matter of physical appearance. It is the inner beauty that make you glow outside. We have been told the beautiful, the fair are what pleases people. And that makes me question are the people blind? True beauty is not seen in skin and appearance. The true beauty lies inside The world had made people insecure about how they look. Well actually they are just jealous of how beautiful you are. Never be insecure of yourself because insecurities
are what make people even more beautiful. Embrace your beauty because none of anyone have beautiful eyes, heart and soul Like you.

Nashmia


Sreya

# അമ്മ

" അമ്മേ അമ്മേ " അനു രാവിലെ എഴുന്നേറ്റ് അമ്മയെ നോക്കി അടുക്കളയിലേക്ക് നടന്നു. അമ്മ അടുപ്പ് കത്തിച്ച കഞ്ഞി വെക്കുകയായിരുന്നു. അനുവിന് അച്ഛനില്ല. വളരെ കഷ്ടപ്പെട്ടിട്ടാണ് അമ്മ അവളെ വളർത്തുന്നത്. അമ്മ ചിറക്കൽ പാടത്ത് പണിയെടുത്തിട്ടാണ് അവർ കഴിയുന്നത്. എന്നിട്ടും പല ദിവസങ്ങളിലും അവർ പട്ടിണിയിലാണ്.

"അമ്മേ എനിക്കിന്ന് നേരത്തെ സ്കൂളിൽ പോകണം." അനു തിരക്ക് കൂട്ടി. ഇന്ന് മീര ടീച്ചർ നേരത്തെ സ്കൂളിൽ ചെല്ലാൻ പറഞ്ഞിട്ടുണ്ട്. അവളുടെ പ്രിയപ്പെട്ട ടീച്ചർ ആണ് മീര ടീച്ചർ. അവൾ കുളിച്ച വന്നു. അവളുടെ നരച്ച യൂണിഫോം എടുത്തിട്ടു. അവൾക്കൊരു യൂണിഫോം മാത്രമേ

ഉള്ളൂ. അവൾ വേഗം കഞ്ഞി കുടിച്ച് സ്കൂളിലേക്ക് പുറപ്പെട്ടു. അവളെയും കാത്ത് സ്കൂളിന്റെ പടിക്കൽ തന്നെ മീര ടീച്ചർ ഉണ്ടായിരുന്നു. "എന്താ ടീച്ചർ നേരത്തെ വരാൻ പറഞ്ഞത്?" അനു ടീച്ചറോട് ചോദിച്ചു. ടീച്ചർ പറഞ്ഞു. "ഇന്നിവിടെ ഒരു ചിത്രരചന മത്സരം നടക്കുന്നുണ്ട്." "ചിത്രം വരയ്ക്കാൻ ഒന്നുമറിയില്ല അതുമാത്രമല്ല അമ്മ സമ്മതിക്കുകയുമില്ല" അനു പറഞ്ഞു. "അത് സാരമില്ല മോൾക്ക് അറിയുന്നതുപോലെ വരച്ചാൽ മതി. അമ്മയോട് ഞാൻ പറഞ്ഞോളാം." ടീച്ചർ സ്നേഹപൂർവ്വം നിർബന്ധിച്ചു.

ടീച്ചറോട് അവൾ പിന്നെ ഒന്നും പറഞ്ഞില്ല. ടീച്ചറെ അവൾക്ക് അത്ര ഇഷ്ടമാണ്. ചിത്രം വരയ്ക്കുന്ന ഹാളിലേക്ക് ടീച്ചറുടെ കൂടെ നടന്നു. എന്താണ് വരക്കേണ്ടത് എന്നറിയാതെ അനു സങ്കടപ്പെട്ട് നിന്നു. കുട്ടികൾ വിലയേറിയ ചായ പെൻസിൽ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അവർക്ക്

വരയ്ക്കാൻ വ്യത്യസ്ത വിഷയങ്ങൾ ഉണ്ടായിരുന്നു. അതിനെ പറ്റിയൊക്കെ അവർ ചർച്ചചെയ്യുന്നുണ്ടായിരുന്നു. അവളുടെ മനസ്സ് നിറയെ അമ്മയായിരുന്നു. പനിച്ചുകൊണ്ട് ചിറക്കൽ പാടത്തേക്ക് പോയ അമ്മ. അതുകൊണ്ട് അവൾ ആ ചിത്രമാണ് വരച്ചത്. അമ്മയുടെ ചിത്രം. പച്ചപ്പ് വിരിച്ച് പാടത്ത് അമ്മ പണിയെടുക്കുന്നത് .മുകളിൽ കത്തി ജ്വലിക്കുന്ന ചുവപ്പ് നിറമുള്ള സൂര്യൻ. താഴെ കരിക്കട്ട പോലെ അമ്മ. അരിക്കൽ ചിറകു കരിഞ്ഞ് താഴെ വീഴാൻ നിൽക്കുന്ന പക്ഷി. അതായിരുന്നു അവളുടെ ചിത്രം."നന്നായി വരച്ചോ?" മീര ടീച്ചർ സ്നേഹത്തോടെ ചോദിച്ചു. നന്നായി വരയ്ക്കാൻ കഴിഞ്ഞില്ല എന്ന് പറഞ്ഞ് അവൾ കരഞ്ഞു. അവൾ വീട്ടിലേക്ക് പോകാൻ തിടുക്കം കൂട്ടി. റിസൾട്ട് അറിഞ്ഞിട്ട് പോകാം എന്ന് ടീച്ചർ പറഞ്ഞു. ടീച്ചർ അവൾക്ക് ഭക്ഷണം വാങ്ങി കൊടുത്തു. റിസൾട്ട് അറിയുന്ന സ്ഥലത്തേക്ക് ടീച്ചർ നടന്നു. ഒരു നിമിഷം കഴിഞ്ഞ് ഒരു

കാറിൻ്റെ വേഗതയോടെ ടീച്ചർ ഓടി വന്നു. അനുമോളാ ഫസ്റ്റ്. ടീച്ചർ വിളിച്ചു പറഞ്ഞു. കലക്ടർ അവളുടെ പുറത്ത് തട്ടി. സമ്മാനവുമായി അവൾ ടീച്ചറുടെ അടുത്തെത്തി. ടീച്ചർ അവളെ ചേർത്തുപിടിച്ചു. ടീച്ചറുടെ കണ്ണ് നിറയുന്നുണ്ടായിരുന്നു.

(Fiza fathima)

***************

# കൊഴിഞ്ഞു പോയ ബാല്യം

ചെറുകുളം എന്നു പറഞ്ഞ ഒരു കൊച്ചു ഗ്രാമമുണ്ടായിരുന്നു. അവിടെ അല്ലി എന്ന് പറയുന്ന ഒരു കുട്ടിയും അവളുടെ അമ്മയും അച്ഛനും താമസിച്ചിരുന്നു. അവർ വളരെ ദരിദ്രരായിരുന്നു. അതുപോലെ തന്നെ അവരുടെ വീട്ടിൽ എപ്പോഴും അല്ലിയുടെ അമ്മയും അച്ഛനും തമ്മിൽ വഴക്കായിരുന്നു. അതുകൊണ്ട് തന്നെ അവൾക്ക് അവളുടെ പഠനത്തിൽ ശ്രദ്ധിക്കുവാനോ സന്തോഷമായിരിക്കാനോ സാധിക്കുന്നുണ്ടായില്ല. കാരണം അവളുടെ അമ്മയും അച്ഛനും അവർ അടിയുണ്ടാക്കിയാലുള്ള ദേഷ്യം അവളോട് ആയിരുന്നു രണ്ടുപേരും

തീർത്തിരുന്നത്. അങ്ങനെ അവൾ അറിയാതെ തന്നെ അവൾ ഒരു മാനസിക രോഗിയായി മാറുകയായിരുന്നു. ഇതൊന്നും അവളുടെ മാതാപിതാക്കൾക്ക് അറിയുക പോലും ഇല്ലായിരുന്നു.അങ്ങനെ പതിയെ അവളുടെ ഒരോ സ്വഭാവങ്ങളും മാറി വന്നപ്പോൾ അവർ ശ്രദ്ധിക്കാൻ ഇടയായി. അവർ പെട്ടന്നു തന്നെ അടുത്തുള്ള ഒരു ഡോക്ടറെ കാണിച്ചു. അവരോട് കാര്യം പറയുകയുമെല്ലാം ചെയ്തപ്പോൾ രക്ഷിതാക്കൾക്ക് എല്ലാം മനസിലായി.അവർ അവളോട് നല്ലതുപോലെ നിൽക്കുവാൻ തുടങ്ങി. എന്നാൽ അതൊക്കെ ചെയ്യുമ്പോഴേക്കും വളരെയധികം വൈകിപോയിരുന്നു, അവൾക്ക് അവളുടെ ബാല്യം നഷ്ട്പെട്ട പോയിരുന്നു, അവരുടെ അടിപിടിയിൽ അവർ തൻ്റെ

മകളുടെ ഭാവി മറന്നു പോയിരുന്നു.
ഗുണപാഠം: ഒരിക്കലും വലിയവർ
അനുഭവിക്കുന്ന പ്രശ്നങ്ങൾ കുട്ടികളുടെ
മേൽ അടിച്ചേൽപ്പിക്കാൻ പാടില്ല
അത് അവർക്ക് വലിയ രീതിയലുള്ള
ദോഷമായി മാറും.

(മൊഹമ്മദ് സഫാൻ )

*********

# കളിമുറ്റം

വിദ്യാലായ കവാടങ്ങൾ മലർക്കെ
തുറന്നു
കാത്തിരിപ്പുണ്ട് കണ്ണും നട്ട്
ഞാനുമെൻ മോഹവും
എവിടെയും കേൾക്കുന്നില്ല
കിളിക്കൊഞ്ചൽ കിളിനാദം
കലപിലകൾ, ചിണുങ്ങലുകൾ
നിർത്താത്ത വായ്ത്താരികൾ
ചന്നം പിന്നം പെയ്യുന്ന മഴയിൽ
കുളിർത്തു നിൽക്കുന്ന
വികൃതിക്കുരുന്നുകൾ
ചെറുവെള്ളം തെറിപ്പിച്ചും
പല കളികൾ കളിച്ചും
എന്നെ രസിപ്പിരുന്നും ആകുരുന്നു

പദങ്ങൾ ഇന്നിനികാണും
ഇതെന്തൊരു വിധിയോ...
രോഗമുക്തിക്കായ് കാത്തിരിപ്പൂ
ഞങ്ങൾ
വരും വസന്തകാലങ്ങൾ വരുമെന്ന്
നിനച്ചു കൊണ്ട് കാത്തിരിപ്പൂ...

(റിസ ഫാത്തിമ)

**********

# പുറംമോടി

ഒരിക്കൽ ഒരു പട്ടണത്തിൽ വലിയ ഒരു വീട് ഉണ്ടായിരുന്നു. ആ വീട്ടിൽ താമസിച്ചിരുന്നത് ഒരു ചെറിയ കുടുംബമായിരുന്നു. അമ്മ, അച്ഛൻ രണ്ട് കുട്ടികൾ അടങ്ങിയ ഒരു ചെറിയ കുടുംബം. അവർ വളരെ സമ്പന്നരായിരുന്നു. അതുകൊണ്ടു തന്നെ അവരുടെ വീട് കൊട്ടാരം പോലെയുള്ള ഒരു വീടായിരുന്നു. പുറത്തു നിന്നു കണ്ടാൽ എന്താ രസം. ആ വഴിയിലൂടെ പോകുന്ന ആരും ആ വീടനെ കുറച്ചു നേരം നോക്കി നിന്ന് പോകും . പുറത്തു നിന്ന് കാണുന്നവർ എല്ലാവരും പറയും എന്ത് ഭാഗ്യമാണ് അവിടെയുള്ളവർക്ക്. വീട് ഇങ്ങനെയാണെങ്കിൽ അവരുടെ കയ്യിൽ എത്ര പണം ഉണ്ടാകും അതിൽ അവർ എത്ര സന്തോഷവാന്മാർ ആയിരിക്കും

എന്നല്ലാം.
എന്നാൽ ഇതൊന്നുമായിരുന്നില്ല സത്യാവസ്ഥ. ആ വീടിനുള്ളിൽ എപ്പോഴും പ്രശനങ്ങളായിരുന്നു. അച്ഛനും അമ്മയും തമ്മിൽ പ്രശനങ്ങളില്ലാത്ത ദിവസം ഉണ്ടായിരുന്നില്ല. ഇതൊക്കെ കണ്ട് നിൽക്കുന്ന രണ്ട് കുട്ടികൾക്കും നല്ല വിഷമമായിരുന്നു. അവർക്ക് ഒരിക്കലും സന്തോഷം കണ്ടെത്താൻ സാധിച്ചിരുന്നില്ല. അവരുടെ ജീവിതം ഇങ്ങനെ ഒരർത്ഥവും ഇല്ലാതെ പൊയ്ക്കൊണ്ടിരുന്നു.
"പുറം മോടി കണ്ട് ആരേയും വിലയിരുത്തരുത്" എന്നുള്ള ഒരു നഗനസത്യമാണ് ഇവിടെ വെളിവായത്.
(മുഹമ്മദ് നാഷിദ്)

*****************